കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത്

# 2014-15 & 2015-16

## ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം കെ.എസ്.എ.ടി.എസ്.ആർ(ബി.പി1)616/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680 020.

ഫോൺ നമ്പർ – 0487 2331249

തീയതി: 26.05.2017
e-mail: dotsr.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് - 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1 ഖണ്ഡിക, ഭാഗം 3ലെ ഖണ്ഡിക 3-1, 3-2, 3-3 എന്നിവകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ

ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

പകർപ്പ് :-

1) ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവന്തപുരം (ഉപരിപത്രം സഹിതം)

3) അസി.ഡവലപ്പ്മെന്റ് കമ്മീഷണർ, തൃശ്ശൂർ (ഉപരിപത്രം സഹിതം)

4) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(ബി.പി1)616/17

തീയ്യതി 26.05.2017

തൃശ്ശൂർ ജില്ലയിലെ ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15 & 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്തിന്റെ 25.2.15 മുതൽ 1.04.2017 തിയ്യതി വരെയുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 31.3.16 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക്പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | വി.സുരേഷ് ബാബു<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17.4.2107 മുതൽ<br>25.4.2017 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

| | | |
|---|---|---|
| ശ്രീ. എൻ.സതീശൻ | : | ഓഡിറ്റ് ഓഫീസർ (ഹ്രേ) |
| ശ്രീ.സിജു. പി. ഡാംസൺ | : | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. വിദ്യ വിക്രമൻ | : | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.സുനിൽകുമാർ കെ.സി | | സീനി.ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണ അധികാരികൾ

| പ്രസിഡന്റ് | കാലയളവ് |
|---|---|
| ശ്രീ.നന്ദൻ കുന്നത്ത് | 01-04-2014 മുതൽ<br>31.10.2015 വരെ |
| ശ്രീ.വി.ജി പുഷ്കരൻ,സെക്രട്ടറി<br>ഒ.ആർ.ബീന,അസി.എക്സി.എഞ്ചിനീയർ<br>പി.എസ്.ഷൈല,സി.ഡി.പി.ഒ | 01-11-2015 മുതൽ<br>18.11.2015വരെ<br>(അഡ്ഹോക്ക് കമ്മിറ്റി) |
| ഐ.എസ് ഉമാദേവി | 19.11.2015 മുതൽ<br>31.03.2016വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| സെക്രട്ടറി | കാലയളവ് |
|---|---|
| ശ്രീ.വി.ജി.പുഷ്കരൻ | 1.04.2014 മുതൽ 31.01.2016 വരെ |
| ശ്രീ. പി.ജെ.ജോയ് | 01.02.2016 മുതൽ 7.02.2016 വരെ |
| ശ്രീ.കെ.ഉണ്ണികൃഷ്ണൻ | 08.02.2016 മുതൽ 31.03.2016 വരെ |

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സി.ഡി.പി.ഒ | ശ്രീമതി.ടി.ആർ.രാജലക്ഷ്മി | 01.04.14 മുതൽ 23.08.14 വരെ |
| | ടി.പി.ഗ്രേയ്സി | 24.08.14 മുതൽ 26.08.14 വരെ |
| | പി.എസ്.ഷൈല | 27.08. 14 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., വെള്ളാനിക്കര | ഡോ.ജോബ്.സി.ഒ | 01.04.14 മുതൽ 19.10.14വരെ |
| | ഡോ.സുജിത്ത് ജോസഫ് | 20.10.14മുതൽ 11.11.14വരെ |
| | ഡോ.മായാദേവി | 12 .11.14മുതൽ 31.03.16വരെ |
| വെറ്ററിനറി സർജൻ, വാണിയംപാറ | ഡോ.എം.ആർ.പ്രദീപ്കുമാർ | 01.04.14 മുതൽ 06.02.16FNവരെ |
| | ഡോ.എ.എസ്.സുധീഷ് കുമാർ | 06.02.16 ANമുതൽ 31.03.16 വരെ |
| അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.ഷൈബി ജോർജ്ജ് | 01.04.14 മുതൽ 29.06.15FN വരെ |
| | ശ്രീ.സാം മാത്യു | 29.06.15AN മുതൽ 14.9.15FNവരെ |
| | ശ്രീമതി.ഒ.ആർ.ബീന | 14.09.15 ANമുതൽ 31.03.16 വരെ |
| ക്ഷീരവികസന ഓഫീസർ | ശ്രീ.ഫെമി മാത്യു | 01.04.14 മുതൽ 02.02.16 (FN)വരെ |
| | ശ്രീ.സിജോൺ ജോൺസൺ | 02.02.16 (AN) മുതൽ 31.03.16 വരെ |
| കൃഷി അസിസ്റ്റൻറ് ഡയറക്ടർ | ശ്രീമതി.ശ്രീലത.പി.ആർ | 01.04.14 മുതൽ 31.03.16 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി.എം.കെ.തങ്കമണി | 01.04.14 മുതൽ 31.03.16വരെ |
| വ്യവസായ വികസന ഓഫീസർ, | ശ്രീ.കെ.ബി.രാജൻ | 01.04.14 മുതൽ 31.03.16വരെ |

<u>ഉള്ളടക്കം</u>


| ക്രമനമ്പർ | ഖണ്ഡികനമ്പർ | ഭാഗം 1 |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക. |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. |
| 4 | 1-4 | സാമ്പത്തിക വിശകലനം |

| | | |
|---|---|---|
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം. |
| 7 | 1-7 | ക്യാഷ് വെരിഫിക്കേഷൻ |
| 8 | 1-8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| | | ഭാഗം 2 |
| 9 | 2-1 | ഇ-ടെൻഡർ - ടെൻഡർ ഫോം ഫീസ്- ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കേണ്ട 2.99 ലക്ഷം രൂപ ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് |
| 10 | 2-2 | വാടകക്ക് നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. |
| 11 | 2-3 | ഓഡിറ്റ് ഇംപാക്ട് – വാടക കുടിശ്ശിക ഓഡിറ്റ് അന്വേഷണം നൽകിയതിനെത്തുടർന്ന് പിരിച്ചെടുത്തു. |
| | | ഭാഗം 3 |
| 12 | 3-1 | ട്രഷറി അക്കൗണ്ടും ബ്ലോക്ക് പഞ്ചായത്തിന്റെ കണക്കുകളും തമ്മിലെ നീക്കിയിരിപ്പ് വ്യത്യാസം പരിഹരിക്കുന്നതിനായി 72.49 ലക്ഷം രൂപ 31/3/2015 ൽ എഴുതിതള്ളി. |
| 13 | 3-2 | വായ്പ, വായ്പ നീക്കിയിരിപ്പ്, വായ്പയുമായി ബന്ധപ്പെട്ട എസ്.ബി അക്കൗണ്ടുകൾ , എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നില്ല. |
| 14 | 3-3 | ഐ.എ .വൈ വായ്പ തിരിച്ചടവ് -176163/- രൂപ അധികം അടവാക്കിയത് ഓഡിറ്റിൽ നിരാകരിക്കുന്നു |
| 15 | 3-4 | ഐ.എ.വൈ ഭവനനിർമ്മാണം സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല |
| 16 | 3-5 | ടി എസ് പി പദ്ധതി |
| 17 | 3-6 | പദ്ധതി ഏറ്റെടുക്കുമ്പോൾ ആവശ്യമായ രേഖകൾ സൂക്ഷിക്കുന്നില്ല |
| 18 | 3-7 | സാമൂഹിക ആരോഗ്യ കേന്ദ്രത്തിലേയ്ക്ക് മരുന്നുവാങ്ങൽ |
| 19 | 3-8 | വനിതകൾക്ക് ആട്ടുവളർത്തൽ പദ്ധതി (എസ് സി) |
| 20 | 3-9 | നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതി നടപ്പിലാക്കാത്തത് |
| 21 | 3-10 | സുഗന്ധവിള കൃഷി വികസനം-വനിത പദ്ധതി |
| 22 | 3-11 | മരാമത്ത് പ്രവൃത്തികൾ - നടപടിക്രമങ്ങളിലെ അപാകതകൾ |

| | | |
|---|---|---|
| 23 | 3-12 | അംഗൻവാടി കെട്ടിടങ്ങളിൽ വൈദ്യുതി, ജല വിതരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. |
| 24 | 3-13 | ചിറക്കുന്ന് കുടിവെള്ള പദ്ധതി – ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാൽ ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടാതെ നിഷ്ക്രിയാസ്തിയായി തുടരുന്നു. |
| | | ഭാഗം 4 |
| 25 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 26 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 27 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 28 | 4-4 | വായ്പതിരിച്ചടവ് |
| 29 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 30 | 4-6 | ഓഡിറ്റ് റിക്കവറി |
| 31 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 32 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 33 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2014-15വർഷത്തെ ബജറ്റ് 24-2-2014 തിയ്യതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

2015-16 വർഷത്തെ ബജറ്റ് 20-3-2015 തിയ്യതിയിലെ 220-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

2014-15

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-7-2015 | 30-7-2015 |

2015-16

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-7-2016 | 29-7-2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

വാർഷിക കണക്കിലെ അപാകതകൾ

1)IAY യുമായി ബന്ധപ്പെട്ട് വായ്പ എടുത്തിട്ടുണ്ടെങ്കിലും ആയതിന്റെ വായ്പ, ആയത് ക്രെഡിറ്റ് ചെയ്യുന്ന എസ്.ബി അക്കൗണ്ട്, എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ വായ്പ തിരിച്ചടവ്, പലിശ അടവ് എന്നിവ കൃത്യമായ ശീർഷകങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. വായ്പാതുകയുടെ വിനിയോഗം കണക്കുകളിൽ ഉൾപ്പെടുത്താതെ പോകുന്നു.(ഖണ്ഡിക 3-2)

2)വായ്പ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

3)ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് വ്യത്യാസം പരിഹരിക്കുന്നതിനായി 72.49 ലക്ഷം രൂപ 31/3/2015 ൽ എഴുതിതള്ളി.(ഖണ്ഡിക 3-1)

## 1-4 സാമ്പത്തിക വിശകലനം

| 2014-15 | |
|---|---|
| മുന്നിരിപ്പ് | 22111626.00 |
| വരവ് | 71085985.00 |
| ആകെ | 93197611.00 |
| ചെലവ് | 73334316.00 |
| നീക്കിയിരിപ്പ് | 19863295.00 |
| 2015-16 | |
| മുന്നിരിപ്പ് | 19863295.00 |
| വരവ് | 68107124.00 |
| ആകെ | 87970419.00 |
| ചെലവ് | 66416321.00 |
| നീക്കിയിരിപ്പ് | 21554098.00 |

## 1-5 ഫണ്ട് വിനിയോഗം

2014-15

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 4950722 | 30364000 | 35314722 | 31109973 | 4204749 | 88.09 |
| വികസനഫണ്ട് | 1355295 | 7408000 | 8763295 | 8763295 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| എസ്.സി.പി. | | | | | | |
| വികസനഫണ്ട് ടി.എസ്.പി. | 354800 | 1142000 | 1496800 | 1477453 | 19347 | 98.7 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 793058 | 4107000 | 4900058 | 3379961 | 1520097 | 69.0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 3783535 | 3827208 | 7610743 | 3126714 | 4484029 | 41 |

2015-16

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 4204749 | 25161638 | 29366387 | 29366387 | - | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 5175328 | 5175328 | 5175328 | - | 0 |
| വികസനഫണ്ട് ടി.എസ്.പി. | 19347 | 82653 | 102000 | 102000 | - | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1520097 | 2458048 | 3978145 | 3978145 | - | 0 |
| ബി ഫണ്ട് | 0 | 30000 | 30000 | 30000 | - | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 4484029 | 4565094 | 9049123 | 3273167 | - | 5775956 |

## 1-6 പദ്ധതി അവലോകനം.

2014-15 വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 93 | 81242753 | 77 | 55317388 | - | 16 | 82.8 |

2015-16 വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 80 | 73894493 | 72 | 41097694 | - | 8 | 90 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-4-2017ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 840/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 04.7.2016 മുതൽ 14.07.2016 വരെ | 2015-16 | 23.09.16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.3.14 മുതൽ 17.3.14 വരെ | 2009-10 മുതൽ 2012-13 വരെ | 19.10.16 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ-ടെൻഡർ - ടെൻഡർ ഫോം ഫീസ്- ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കേണ്ട 2.99 ലക്ഷം രൂപ ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മരാമത്ത് പണികളിൽ ഇ–ടെണ്ടർ മുഖേന നടപ്പാക്കിയ പ്രോജക്ടുകളുടെ ടെണ്ടർ ഫോം ഫീസ് സർക്കാർ ഉത്തരവ് (എം.എസ്)318/2013ത.സ്വ.ഭ.വ. തിയ്യതി 28/9/2013 പ്രകാരം ജില്ലയിലെ എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ തുടങ്ങിയ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യപ്പെടുന്നത്. ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇ-ടെൻഡർ ചെയ്ത പ്രവൃത്തികളിൽ 2014-15ൽ 86,100/- രൂപയും 2015-16ൽ 2,13,570/- രൂപയും, അപ്രകാരം ആകെ 2,99,670/- രൂപയും എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ തുടങ്ങിയ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. ഈ തുക ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ ഉൾപ്പെടേണ്ട തുകയായതിനാൽ ഈ തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 വാടകയ്ക്ക് നല്കുന്നതിനുള്ള നടപടകൾ സ്വീകരിക്കേണ്ടതാണ്.

ജനുവരി 2017 വരെ വാടകയ്ക്ക് നല്കിയിരുന്ന ടെയ് ലറിംഗ് ഹാളിന് പ്രതിമാസം 1000/- രൂപ വാടക ലഭിച്ചിരുന്നു. അതിനു ശേഷം പുതിയതായി ആർക്കും വാടകയ്ക്ക് നല്കിയിട്ടില്ല എന്നാണ് ഓഡിറ്റ് അന്വേഷണത്തിന് മറുപടി നല്കിയിരിക്കുന്നത്. ഈ കെട്ടിടം തുടർന്നും വാടകയ്ക്ക് നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 ഓഡിറ്റ് ഇംപാക്ട് - വാടക കുടിശ്ശിക ഓഡിറ്റ് അന്വേഷണം

## നൽകിയതിനെ തുടർന്ന് പിരിച്ചെടുത്തു.

ബ്ലോക്ക് പഞ്ചായത്ത് വാടകയ്ക്ക് നല്കിയിട്ടുള്ള കെട്ടിടങ്ങളിൽ നിന്ന് 2015-16 സാമ്പത്തിക വർഷത്തിൽ വാടക മുഴുവനായും പിരിച്ചെടുത്തിട്ടില്ല എന്ന് കാണിച്ച് ഓഡിറ്റ് അന്വേഷണം നല്കിയിരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിടം | ഏത് മാസം വരെ വാടക ഈടാക്കി | അടവാക്കാനുള്ള തുക |
|---|---|---|---|
| 1 | ഐശ്വര്യ വനിത കാന്റീൻ | ജനുവരി 2017 | 2000 |
| 2 | ടെയ് ലറിംഗ് ഹാൾ | ജനുവരി 2017 | 1000 |
| 3 | മരത്താക്കര വിപണന കേന്ദ്രം | ഡിസംബർ 2016 | 28281 |
| 4 | ടെയ് ലറിംഗ് യൂണിറ്റ്, വില്ലടം | ആഗസ്റ്റ് 2016 | 3500 |
| 5 | മരത്താക്കര സ്റ്റോർ റൂം | ഒക്ടോബർ 2016 | 5000 |
| 6 | മരത്താക്കര സ്റ്റോർ റൂം | ഒക്ടോബർ 2016 | 5000 |
| | ആകെ | | 44781 |

അടവാക്കുവാനുള്ള തുക 44781 /-

44,781/- രൂപ അടവാക്കാനുണ്ടായിരുന്നതിൽ ഓഡിറ്റ് സമയത്ത് താഴെ പറയുന്ന കെട്ടിടങ്ങളുടെ കുടിശ്ശിക അടവാക്കിയതായി മറുപടി നല്കിയിട്ടുണ്ട്.

| ക്രമ നം | കെട്ടിടം | ഏത് മാസം വരെ വാടക ഈടാക്കി | അടവാക്കിയതുക |
|---|---|---|---|
| 1 | ഐശ്വര്യ വനിത കാന്റീൻ | ജനുവരി 2017 | 2000 |
| 2 | ടെയ് ലറിംഗ് യൂണിറ്റ്, വില്ലടം | ജനുവരി 2017 | 3500 |
| 3 | മരത്താക്കര വിപണന കേന്ദ്രം | ഡിസംബർ 2016 | 28281 |

ഇനിയും പിരിച്ചെടുക്കുവാനുള്ള വാടക കുടിശ്ശികയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിടം | ഏത് മാസം വരെ വാടക ഈടാക്കി | അടവാക്കാനുള്ള തുക |
|---|---|---|---|

| | | | |
|---|---|---|---|
| 5 | മരത്താക്കര സ്റ്റോർ റൂം | ഒക്ടോബർ 2016 | 5000 |
| 6 | മരത്താക്കര സ്റ്റോർ റൂം | ഒക്ടോബർ 2016 | 5000 |
| | ആകെ | | 10000 |

അടവാക്കുവാനുള്ള തുക 10,000/-

ടെയ് ലറിംഗ് ഹാൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല എന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. മേൽ പ്രകാരമുള്ള കുടിശ്ശിക 10,000/- രൂപ രശീതി നം. 117040100016/04.05.17, 117040100017/04.05.17 എന്നിവ പ്രകാരം അടവാക്കിയിട്ടുണ്ട്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ട്രഷറി അക്കൗണ്ടും ബ്ലോക്ക് പഞ്ചായത്തിന്റെ കണക്കുകളും തമ്മിലെ നീക്കിയിരിപ്പ് വ്യത്യാസം പരിഹരിക്കുന്നതിനായി 72.49 ലക്ഷം രൂപ 31/3/2015 ൽ എഴുതിതള്ളി.

2007-08 സാമ്പത്തിക വർഷം മുതൽ 2011-12 വരെ ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന് സർക്കാർ അനുവദിച്ച വികസന ഫണ്ട് , മെയിന്റനൻസ് ഗ്രാന്റ്, ജനറൽ പർപ്പസ് ഫണ്ട് എന്നിവയുടെ അലോട്ട്മെന്റിൽ ചില ഗഡുക്കൾ തൃശ്ശൂർ സബ്ട്രഷറിയിൽ വരവ് വയ്ക്കാത്തതു കൊണ്ട് , ബ്ലോക്ക് പഞ്ചായത്ത് ക്യാഷ്ബുക്ക്, ട്രഷറി കണക്കുകൾ എന്നിവ തമ്മിൽ നീക്കിയിരിപ്പിൽ വന്ന വ്യത്യാസം പരിഹരിക്കുന്നതിന് 72,48,863/- രൂപ വിവിധ ചെലവ് ശീർഷകങ്ങളിലായി എഴുതി തള്ളി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ | തീയ്യതി | ഫണ്ട് | തുക |
|---|---|---|---|
| 21401525 | 31/3/2015 | ജനറൽ പർപ്പസ് ഫണ്ട് | 68,400 |
| 21401521 | 31/3/2015 | വികസന ഫണ്ട് | 47,84,356 |
| 21401522 | 31/3/2015 | വികസന ഫണ്ട്(എസ്.സി.പി) | 13,55,295 |
| 21401523 | 31/3/2015 | വികസന ഫണ്ട്(ടി.എസ്.പി) | 3,54,800 |
| 21401524 | 31/3/2015 | മെയിന്റനൻസ് ഗ്രാന്റ് | 6,86,012 |
| ആകെ | | | 72,48,863 |

ട്രഷറി അക്കൗണ്ടിൽ അലോട്ട്മെന്റ് തുക വരവ് വച്ച് നീക്കിയിരിപ്പ് ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് അപേക്ഷിച്ച് കൊണ്ട് ട്രഷറി, ഗ്രാമവികസന കമ്മീഷണർ എന്നിവർക്ക് 2014 മുതൽ കത്ത് നൽകിയതായി ഫയലിൽ രേഖകളുണ്ട്.

ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് പ്രകാരം പദ്ധതികൾ തയ്യാറാക്കുകയും ട്രഷറി നീക്കിയിരിപ്പിലുള്ള വ്യത്യാസം മൂലം ബില്ലുകൾ മാറാൻ സാധിക്കാതെയാവുകയും പദ്ധതി തുക കുറവ് ചെയ്യുകയും ചെയ്യേണ്ടി വരികയും ചെയ്ത സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 10/8/2015 ലെ തീരുമാനം നമ്പർ 78(a)പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ക്യാഷ്ബുക്ക് മുൻബാക്കി, ട്രഷറി കണക്കുകളിലേയ്ക്ക് ക്രമീകരിക്കുന്നതിനും, ആയത് സാംഖ്യ/സുലേഖ സോഫ്റ്റ്‌വെയറിൽ ക്രമീകരിക്കുന്നതിന്

അപേക്ഷിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. തുടർന്ന് സെക്രട്ടറിയുടെ പി.341/15 തീ.13/8/2015 നമ്പർ ഉത്തരവ് പ്രകാരമാണ് 72,48,863 രൂപ എഴുതി തള്ളിയത്.

ഈ തുക എഴുതി തള്ളിയതുമായി ബന്ധപ്പെട്ട് താഴെ ചേർത്തിരിക്കുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

i)2007-08 മുതൽ 2011-12 വരെയുള്ള കാലയളവിൽ വിവിധ ഫണ്ടുകളിൽ ബ്ലോക്ക് പഞ്ചായത്തിന് അലോട്ട്മെന്റ് ലഭിക്കുകയും എന്നാൽ ഈ തുക ട്രഷറി കണക്കിൽ വരവ് വയ്ക്കാത്തതിനാലുമാണ് ഈ വ്യത്യാസം വന്നിട്ടുള്ളതെന്ന് കാണുന്നു. സർക്കാർ ഉത്തരവ് (പി)177/06 ഫിൻ 12/4/2006 പ്രകാരം എല്ലാ മാസവും ട്രഷറി കണക്കുകളുമായി ബ്ലോക്ക് പഞ്ചായത്തിന്റെ കണക്കുകൾ പൊരുത്തപ്പെടുത്തി ട്രഷറി ഓഫീസറെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഈ കാലയളവിൽ ബ്ലോക്ക് പഞ്ചായത്ത് പ്രതിമാസ റീകൺസീലിയേഷൻ നടത്തിയതായി കാണുന്നില്ല. പ്രതിമാസ റീകൺസീലിയേഷൻ നടത്തി, ട്രഷറിയിൽ ക്രെഡിറ്റ് ചെയ്യാത്ത അലോട്ട്മെന്റുകൾ ലഭ്യമാക്കുന്നതിന് അതാത് സമയത്ത് നടപടി സ്വീകരിക്കാത്തതിനാലാണ് ഈ തുക വർഷങ്ങൾക്കു ശേഷം എഴുതി തള്ളേണ്ടി വന്നത്. 2014 ൽ മാത്രമാണ് മുൻ വർഷങ്ങളിലെ ഈ തുക തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിച്ച് തുടങ്ങിയതായി ഫയലിൽ നിന്നും വ്യക്തമാകുന്നത്.

ii)2007-08 മുതൽ 2011-12 വരെ ട്രഷറിയിൽ വരവ് വയ്ക്കാതിരുന്ന അലോട്ട്മെന്റ് തുക 76,58,266 രൂപയാണ്. എന്നാൽ എഴുതി തള്ളിയ തുക 72,48,863 രൂപയാണ്. ബ്ലോക്ക് പഞ്ചായത്ത് നൽകിയ ചെക്കുകൾ ക്യാഷ് ചെയ്യാത്തത് (GPG), മറ്റ് വ്യത്യാസങ്ങൾ എന്നിവ പരിഗണിക്കാതെ, 31/3/2015ലെ ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം ഉള്ള നീക്കിയിരിപ്പും , ബാങ്ക് ബുക്ക് പ്രകാരം ഉള്ള നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം കണക്കാക്കി, പേയ്മെന്റ് വൗച്ചർ തയ്യാറാക്കി , നീക്കിയിരിപ്പുകൾ ഒരേ തുകയാക്കി മാറ്റുകയാണ് ചെയ്തിരിക്കുന്നത്. ഇപ്രകാരം നീക്കിയിരിപ്പുകൾ ക്രമീകരിക്കുന്നത് അനുചിതമാണ്.

iii)സ.ഉ.(എം.എസ്)നം.213/2015/ത.സ്വ.ഭ.വ തീയ്യതി 29/6/2015 ഖണ്ഡിക "C" പ്രകാരം പഞ്ചായത്തിന് ലഭിച്ച അലോട്ട്മെന്റ് തുക ട്രഷറിയിൽ വരവ് വയ്ക്കാത്തതും ,ട്രഷറിയിൽ നിന്നും കണക്ക് ശരിയാക്കാൻ സാധിക്കാതെ വരുന്നതുമായ സംഗതികളിൽ സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ മുഖേന സർക്കാരിൽ അറിയിക്കുന്നതിന് നിർദ്ദേശമുണ്ട്. ഇപ്രകാരം നടപടികൾ സ്വീകരിച്ചതായി കാണുന്നുണ്ടെങ്കിലും സർക്കാരിൽ നിന്നും ഈ തുക വീണ്ടും ക്രെഡിറ്റ് ചെയ്യുന്നതിന് അനുമതി ലഭ്യമാക്കിയിട്ടില്ലാത്തതാകുന്നു.

മേൽ സാഹചര്യത്തിൽ അലോട്ട്മെന്റ് തുക വീണ്ടും ലഭ്യമാക്കുന്നതിനോ, അല്ലാത്ത പക്ഷം 72,48,863 രൂപ എഴുതിതള്ളിയ നടപടിക്ക് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്

## 3-2 വായ്പ, വായ്പ നീക്കിയിരിപ്പ്,വായ്പയുമായി ബന്ധപ്പെട്ട എസ്.ബി അക്കൗണ്ടുകൾ , എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നില്ല.

2012-13 ൽ IAY ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് 6 സഹകരണ ബാങ്കുകളിൽ നിന്നും വായ്പ ലഭ്യമാക്കിയിട്ടുണ്ട്. വായ്പ തുക ക്രെഡിറ്റ് ചെയ്യുന്നതിന് ഈ ബാങ്കുകളിൽ എസ്.ബി അക്കൗണ്ടുകളും ആരംഭിച്ചിട്ടുണ്ട്. ഈ അക്കൗണ്ടുകളിൽ നിന്നാണ് ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്തിരുന്നത്. എന്നാൽ സെക്രട്ടറിയുടെ പേരിൽ ലഭ്യമാക്കിയ ഈ വായ്പ തുകയോ, വായ്പ തുക ക്രെഡിറ്റ് ചെയ്യുന്ന എസ്.ബി. അക്കൗണ്ട് വിവരങ്ങളോ കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. വായ്പ തുക ഉൾപ്പെടുത്താത്തതിനാൽ തന്നെ വായ്പ തുക തിരിച്ചടവ്, പലിശ തിരിച്ചടവ് എന്നിവ കൃത്യമായ ശീർഷകങ്ങളിൽ ഉൾപ്പെടുത്തുന്നതിനൊ, വായ്പ ബാക്കി എന്നിവ ബാലൻസ്ഷീറ്റിൽ ഉൾക്കൊള്ളിക്കുന്നതിനോ കഴിഞ്ഞിട്ടില്ല. എസ്.ബി അക്കൗണ്ട് ഉൾപ്പെടുത്താത്തതിനാൽ അതിൽ നിന്നും വിതരണം ചെയ്യുന്ന തുകയുടെ വിവരങ്ങളും നീക്കിയിരിപ്പ് വിശദാംശങ്ങളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. വിവരങ്ങൾ താഴെ ചേർക്കുന്നു.

i)വായ്പ വിശദാംശങ്ങൾ (വായ്പ തുക , തിരിച്ചടവ്, പലിശ എന്നിവയുടെ വിശദാംശങ്ങൾ ഭാഗം 4- ൽ ചേർത്തിട്ടുണ്ട്)

| ക്രമ നമ്പർ | സഹകരണ ബാങ്ക് | വായ്പ ബാക്കി | |
|---|---|---|---|
| | | 31/3/2015 | 31/3/2016 |
| 1 | നടത്തറ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് | 2,91,314 | - |
| 2 | പാണഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക് | - | - |
| 3 | പീച്ചി സർവ്വീസ് സഹകരണ ബാങ്ക് | 5,14,763 | 3,76,913 |
| 4 | മൂർക്കിനിക്കര സർവ്വീസ് സഹകരണ ബാങ്ക് | 89,620 | 30,899 |
| 5 | പുത്തൂർ സർവ്വീസ് സഹകരണ ബാങ്ക് | 6,19,220 | 2,66,894 |
| 6 | വിൽവട്ടം സർവ്വീസ് സഹകരണ ബാങ്ക് | 2,39,351 | 2,39,351 |

ii)എസ്.ബി അക്കൗണ്ട് വിശദാംശങ്ങൾ

| ക്രമ നമ്പർ | സഹകരണ ബാങ്ക് | നീക്കിയിരിപ്പ് | |
|---|---|---|---|
| | | 31/3/2015 | 31/3/2016 |
| 1 | നടത്തറ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് | 932 | 959 |
| 2 | പാണഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക് | 411 | 371 |
| 3 | പീച്ചി സർവ്വീസ് സഹകരണ ബാങ്ക് | --- | --- |
| 4 | മൂർക്കിനിക്കര സർവ്വീസ് സഹകരണ ബാങ്ക് | പാസ്ബുക്ക് ഹാജരാക്കിയില്ല. | |
| 5 | പുത്തൂർ സർവ്വീസ് സഹകരണ ബാങ്ക് | പാസ്ബുക്ക് ഹാജരാക്കിയില്ല. | |
| 6 | വിൽവട്ടം സർവ്വീസ് സഹകരണ ബാങ്ക് | 95 | 99 |

ഈ വിവരങ്ങൾ ഉൾപ്പെടുത്താത്തതിനാൽ വാർഷിക കണക്കുകൾ പൂർണമല്ല.

## 3-3 ഐ.എ .വൈ വായ്പ തിരിച്ചടവ് -176163/-രൂപ അധികം അടവാക്കിയത് ഓഡിറ്റിൽ നിരാകരിക്കുന്നു

പ്രോജക്ട് – ഐ.എ.വൈ എസ്.സി വായ്പ തിരിച്ചടവ്

പ്രോജക്ട് നം. - 55/15-16

നിർവ്വഹണം – ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

ബിൽ നമ്പർ – 12/15-16 തീ.14/1/16

തുക – 1541675/-

ഐ.എ.വൈ ഭവന നിർമ്മാണ ഗുണഭോക്താക്കൾക്ക് അധിക വിഹിതം നല്കുന്നതിനായി സർക്കാർ ഉത്തരവ് (എം.എസ്) 90/13/തസ്വഭവ തീ. 14/3/13 പ്രകാരം വിൽവട്ടം സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 28/5/13ൽ ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് 2,46,422/- രൂപ വായ്പയെടുത്തിരുന്നു (വായ്പ നമ്പർ1/13). ലോൺ തിരിച്ചടവ് 31/3/2017 വരെ 422585 രൂപ മുതൽ ഇനത്തിൽ അടവാക്കി (176163രൂപ അധികം അടവാക്കി) ലോൺ അക്കൗണ്ട് ക്ലോസ് ചെയ്തതായി കാണുന്നു. 2015-16 സാമ്പത്തിക വർഷം പ്രോജക്ട് നമ്പർ 55/15-16 പ്രകാരം (ബിൽ നം.12/15-16 തീ.14/1/16, തുക – 15,41,675/-) 1,76,163രൂപ വായ്പയുടെ മുതലിലേക്ക് തിരിച്ചടവാക്കിയിരുന്നു. എന്നാൽ ലോൺ പാസ്സ്ബുക്കിൽ മേൽ തുക വരവ് വരാതിരുന്നതാണ് വ്യത്യാസത്തിന് കാരണം. മാത്രമല്ല 2016 -17 സാമ്പത്തിക വർഷം പ്രോജക്ട് നമ്പർ 110/16-17 പ്രകാരം (ബിൽ നം.16/16-17 തീ.27/3/17)

തുക -1400000/-) 239351രൂപ മുതലിലേക്ക് അടവാക്കിയിട്ടുണ്ട്. ലോൺ അടവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ലോൺ തുക | ഡി.ഡി.നമ്പർ/തീയ്യതി | ലോൺതിരിച്ചടവ് | | മുതൽ അടവാക്കിയതിനുശേഷമുള്ളനീക്കിയിരിപ്പ് | |
|---|---|---|---|---|---|
| | | മുതൽ | പലിശ | | |
| 246422/- | 607907/17.10.13 | - | 1848 | 246422 | |
| | 509041/26.10.13 | 7071 | - | 239351 | |
| | 687389/1.10.14 | - | 1848 | 239351 | |
| | 698893/29.7.15 | - | 1848 | 239351 | |
| | 637098/15.1.16 | 176163 | - | 63188 | (ലോൺ പാസ്സ്ബുക്ക് പ്രകാരം നീക്കിയിരിപ്പ് 239351. ലോൺ പാസ്സ്ബുക്കിൽ 176163 രൂപ വരവ് വന്നിട്ടില്ല) |
| | 478690/20.3.17 | - | 89527 | 63188 | |
| | NEFT transfer account number 1492120000000019/ IDBI SHORNURroad (Br) | 239351 | 14839 | ഇല്ല | 63188 രൂപ അടവാക്കുന്നതിന് പകരം 239351 രൂപ അടവാക്കി.അധികം 176163 രൂപ അടവാക്കി. |
| ആകെ | | 422585 | 109910 | | |

അധികം ചെലവഴിച്ച 176163/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. അധികം അടവാക്കിയ തുക പലിശ സഹിതം ബാങ്കിൽ നിന്നും തിരികെ ഈടാക്കി സർക്കാരിന്റെ സഞ്ചിത നിധിയിലേക്ക് അടവാക്കി വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 10/24.4.17)

## 3-4 ഐ.എ.വൈ ഭവനനിർമ്മാണം സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല

ഐ.എ.വൈ പദ്ധതി പ്രകാരം 2014-15, 2015-16 വർഷങ്ങളിൽ കരാർ വച്ച് ഭവന നിർമ്മാണം ആരംഭിച്ച താഴെപ്പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ച് കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര്, മേൽ വിലാസം | നല്കിയ തുക | വിഭാഗം | ഗ്രാമ പഞ്ചായത്ത് |
|---|---|---|---|---|
| | 2014-15 | | | |
| 1 | സിന്ധു സന്തോഷ് ബാബു, പാഴൂകൾ ഹൗസ് | 145000 | എസ്.സി | പുത്തൂർ |
| 2 | പൊന്നി മേലായി, പൊന്നാമ്പുര വീട് | 145000 | " | " |
| 3 | അയ്യ വേലായുധൻ, തേർമഠത്തിൽ | 145000 | " | " |
| 4 | രാജാമണി ചന്ദ്രൻ, മലയൻഹൗസ് | 142000 | " | നടത്തറ |
| 5 | ഷിബു നാരായണൻ, മലയൻ ഹൗസ് | 162500 | " | " |
| | 2015-16 | | | |
| 6 | വിനിജ സിനിത്ത് ,പാലാപറമ്പിൽ | 112500 | " | പുത്തൂർ |
| 7 | സന്ദീപ വേലായുധൻ, കരുവാൻ പറമ്പിൽ | 17500 | ജനറൽ | നടത്തറ |

മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, അല്ലാത്ത പക്ഷം നല്കിയ തുക തിരികെ ഈടാക്കി സർക്കാരിന്റെ സഞ്ചിതനിധിയിൽ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 3-5 ടി എസ് പി പദ്ധതി

2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ളവരുടെ ജീവിതനിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ സർക്കാരിൽ നിന്നും അനുവദിച്ച തുക കൊണ്ട് 2014-15 ൽ നടപ്പിലാക്കിയ 74/2014-15-ാം നമ്പർ പദ്ധതിയിൽ 925000 രൂപ വകയിരുത്തിയതിൽ 155000 മാത്രമാണ് ചെലവഴിക്കാൻ സാധിച്ചത്. ഇത് വകയിരുത്തിയ തുകയുടെ 16% മാത്രമാണ്. 2015-16ൽ 15% തുക മാത്രമാണ് ചെലവഴിക്കാൻ സാധിച്ചിട്ടുള്ളത്.

പദ്ധതി ആസൂത്രണത്തിലെ സുതാര്യത, കാര്യക്ഷമത എന്നിവയുടെ അഭാവം മൂലമാണ് തുക ചെലവഴിക്കാൻ സാധിക്കാതിരുന്നതെന്നാണ് ഓഡിറ്റ് വീക്ഷിക്കുന്നത്. പ്രസ്തുത വിഭാഗത്തിന്റെ സാമൂഹിക സാമ്പത്തിക അവസ്ഥ അതിന്റെ സമഗ്രതയിൽ മനസ്സിലാക്കി അവരുടെ മൊത്തത്തിലുള്ള വികസനത്തിന് പദ്ധതി ആസൂത്രണം ചെയ്യേണ്ടതാണ്.

## 3-6 പദ്ധതി ഏറ്റെടുക്കുമ്പോൾ ആവശ്യമായ രേഖകൾ സൂക്ഷിക്കുന്നില്ല

പ്രൊജക്റ്റ് - 75/2015-16

തുക - 600000

ബിൽ നം. - 1/2014-15 തിയ്യതി 01-09-2015

മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, വെള്ളാനിക്കര നിർവ്വഹണ ഉദ്യോഗസ്ഥനായി ഏറ്റെടുത്ത ദീർഘകാല രോഗികളുടെയും മാറാരോഗികളുടെയും പരിചരണം എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും അടങ്കൽ തുക ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറിയിരുന്നു.

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഗ്രാമപഞ്ചായത്തിലെ ദീർഘകാല രോഗികളുടെയും, മാറാരോഗികളുടെയും പരിചരണത്തിനായി പാണഞ്ചേരി, പുത്തൂർ, നടത്തറ എന്നീ പഞ്ചായത്തുകൾക്ക് യഥാക്രമം 200000, 250000, 150000 രൂപ വീതവും (ആകെ 600000) കൈമാറിയിട്ടുണ്ട്. പദ്ധതി ഏറ്റെടുക്കുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രൊജക്റ്റ് ഫയലിൽ സൂക്ഷിക്കേണ്ട DPC അംഗീകാരം, ഗുണഭോക്തൃ ലിസ്റ്റ്, വിഭവ സ്രോതസ്സുകൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ്, ആകെ അടങ്കൽ, ഏത് ഫണ്ടിൽനിന്നാണെന്നുള്ള വിവരം തുടങ്ങിയ രേഖകൾ ഇല്ല.

1. സംയുക്ത പ്രൊജക്റ്റിന്റെ ഭാഗമായി തുക കൈമാറുന്നതിനു മുമ്പായി തുക സ്വീകരിക്കുന്ന തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പ്രൊജക്റ്റ് ഉണ്ടോ എന്നും, നൽകാൻ ഉദ്ദേശിക്കുന്ന പ്രകാരമുള്ള തുക പ്രൊജക്റ്റിൽ രേഖപ്പെടുത്തിയിട്ടുണ്ടോ എന്നും ഉറപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകളിൽ നിന്നും അനുബന്ധ പദ്ധതി രേഖയുടെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. തദ്ദേശ സ്വയംഭരണസ്ഥാപനം സ്വീകരിക്കുന്ന തുക ബന്ധപ്പെട്ട അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി സാംഖ്യ രശീതി ലഭ്യമാക്കി സൂക്ഷിച്ചിട്ടില്ല. കൈമാറുന്ന തുക ഡിസംബർ 31 നു മുമ്പെങ്കിലും കൈമാറിയിരിക്കണം. കൈപ്പറ്റിയ തുക അതാത് സാമ്പത്തിക വർഷത്തിന്റെ അവസാനമെങ്കിലും ചെലവഴിച്ചിരിക്കണം. 2014-15 സാമ്പത്തിക വർഷത്തെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

## 3-7 സാമൂഹിക ആരോഗ്യ കേന്ദ്രത്തിലേയ്ക്ക് മരുന്നുവാങ്ങൽ

പദ്ധതി നം. - 65/2016

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ

തുക - 600000 ബിൽ നം.2/2014-15 തിയ്യതി. 24/03/2016

പദ്ധതി നടപ്പിലാക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തിന്റെ മെയിന്റനൻസ് ഫണ്ടിൽ നിന്നും അടങ്കൽ തുക ചെലവഴിച്ച് അലോപ്പതി മരുന്ന് വാങ്ങി വിതരണം ചെയ്യുന്നതിനായി 23/09/2015ലെ പി ആർ എഫ് 797 നമ്പർ ഇൻവോയ്സ് പ്രകാരം 24/03/2016 ന് തുക പിൻവലിച്ച് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിന് ഡിഡി നം. 640909 തി.24/03/2016 മുഖേന നല്കിയിട്ടുണ്ട്. മേൽ സ്ഥാപനം 02.04.2017ന് തുക കൈപ്പറ്റിയതിന് രശീതി ലഭ്യമാക്കിയിട്ടുമുണ്ട്. എന്നാൽ നാളിതുവരെയായിട്ടും 471484 രൂപയ്ക്കുള്ള മരുന്നു മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. ബാക്കിയുള്ള 173265 രൂപയ്ക്കുള്ള മരുന്നു കൂടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതുവരെ ടി തുക ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

ആരോഗ്യകേന്ദ്രങ്ങളിലൂടെ സർക്കാർ വിതരണം ചെയ്യുന്ന മരുന്നുകൾ വകുപ്പ് മുഖേന മതിയായ അളവിൽ ലഭ്യമാകുന്നില്ലായെങ്കിൽ ബന്ധപ്പെട്ട ഡി.എം.ഒ. വിൽ നിന്ന് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയ ശേഷമേ പദ്ധതി നടപ്പാക്കാൻ പാടുള്ളൂ എന്ന 362/2013 തിയ്യതി 16-11-2013 ലെ സർക്കാർ ഉത്തരവിലെ നിർദ്ദേശം തുടർന്നും പദ്ധതികൾ നടപ്പിലാക്കുമ്പോൾ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 വനിതകൾക്ക് ആട്ടുവളർത്തൽ പദ്ധതി.(എസ് സി)

പ്രൊജക്ട് - 75/2015-16

തുക - 450000

ചെലവ് - 75000

2015-06 സാമ്പത്തിക വർഷത്തിൽ സീനിയർ വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി ഏറ്റെടുത്ത പ്രസ്തുത പദ്ധതിയിൽ 30 എസ്.സി. വനിതകൾക്ക് 3 ആട്ടുകൾ വീതം നല്കാനാണ് ലക്ഷ്യമിട്ടിരുന്നത്. 8000 രൂപ വീതം 24000 രൂപയാണ് ആടിന്റെ വിലയായി നല്കിയിരിക്കുന്നത്. പദ്ധതിനടത്തിപ്പിലെ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

സബ്സിഡി കഴിച്ച് ബാക്കി തുക ബാങ്ക് അനുവദിച്ചതായിട്ടുള്ള രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കളുടെ വരുമാനം വ്യക്തമാക്കുന്ന രേഖകൾ ഇല്ല. 5 വനിതകളെ മാത്രമാണ് പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടുള്ളത്. പദ്ധതി വിഹിതത്തിന്റെ 16% മാത്രമാണ് ചെലവഴിക്കാൻ സാധിച്ചിട്ടുള്ളത്. മേൽ വിഭാഗത്തിന്റെ സാമൂഹിക സാമ്പത്തിക അവസ്ഥ മനസ്സിലാക്കി അവരുടെ വികസനത്തിന് പദ്ധതി ആസൂത്രണം ചെയ്യേണ്ടതാണ്.

## 3-9 നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതി നടപ്പിലാക്കാത്തത്

ഒല്ലൂക്കര ബ്ലോക്ക് 2015-16 സാമ്പത്തിക വർഷത്തിൽ വ്യവസായ മേഖലയിൽ പദ്ധതികൾ നടപ്പാക്കിയിട്ടില്ല. പ്രസ്തുത മേഖലയിൽ പദ്ധതി നടപ്പിലാക്കുന്നതിനായി പ്രത്യേക നിർവ്വഹണ ഉദ്യോഗസ്ഥനെ (ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ) ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയിട്ടും പദ്ധതി ഏറ്റെടുത്തിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് സമിതിയുടെ ശ്രദ്ധ ഈ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

## 3-10 സുഗന്ധവിള കൃഷി വികസനം-വനിത പദ്ധതി

അടങ്കൽ - 600000 ബിൽ നം.8/2014-15 തുക 224000

2014-15 സാമ്പത്തിക വർഷത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ നടപ്പിലാക്കിയ പദ്ധതിയിൽ കുടുംബശ്രീ സംഘങ്ങളെ/ഗ്രൂപ്പുകളെയാണ് ഗുണഭോക്താക്കളായി തിരഞ്ഞെടുത്തിരിക്കുന്നത്. പദ്ധതിയിൽ ഉൾപ്പെടുന്നതിന് ഗ്രൂപ്പുകളിൽ കുറഞ്ഞത് 5 പേർ വേണമെന്നും കൃഷിചെയ്യുന്നതിനായി 50 സെന്റ് സ്ഥലവും ആവശ്യമാണ്. കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ കൃത്യത ഉറപ്പാക്കുന്ന രേഖകൾ ഫയലിൽ ഇല്ല എന്ന് കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ഇപ്രകാരം മറുപടി നല്കിയിരുന്നു. ബ്ലോക്ക് പഞ്ചായത്ത് പദ്ധതികളായ സമഗ്ര പച്ചക്കറി കൃഷി, സുഗന്ധവിള കൃഷി, ശീതകാല പച്ചക്കറി കൃഷി എന്നിവ ഗ്രൂപ്പ് അടിസ്ഥാനത്തിലാണ് നടപ്പിലാക്കിയത്. ഗ്രൂപ്പുകൾ പാട്ടത്തിനെടുത്ത സ്ഥലത്തും സ്വന്തം സ്ഥലത്തും ബന്ധപ്പെട്ട കൃഷി ഓഫീസറുടെ മേൽനോട്ടത്തിൽ കൃഷി നടത്തിയിരുന്നു. കൃഷി സ്ഥലം നേരിട്ട് സന്ദർശിച്ചിട്ടുള്ളതുമാണ്. ഗ്രൂപ്പ് അടിസ്ഥാനത്തിൽ കൃഷി ചെയ്തിരുന്നതുമൂലമാണ് ഭൂമിയുടെ കരം അടച്ച രശീത് സൂക്ഷിക്കാതിരുന്നത് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നല്കിയിട്ടുള്ളത്. എന്നാൽ പദ്ധതി നടപ്പിലാക്കുമ്പോൾ ടി രേഖകൾ ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

തുടർ വർഷങ്ങളിലെ പദ്ധതി നടത്തിപ്പിൽ മേൽ കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 മരാമത്ത് പ്രവൃത്തികൾ - നടപടിക്രമങ്ങളിലെ അപാകതകൾ

അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഫയലുകളും അനുബന്ധ രജിസ്റ്ററുകളും പരിശോധിച്ചതിൽ, പല പ്രവൃത്തികളിലും, നിയമാനുസൃതം പാലിക്കപ്പെടേണ്ട നടപടിക്രമങ്ങൾ പാലിച്ചുകാണുന്നില്ല. നടപടിക്രമങ്ങളിൽ അപാകതകളുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ടിന്റെ പേര്/പ്രോജക്ട് നമ്പർ | ബിൽ നമ്പർ, തുക | അടങ്കൽ | കരാറുകാരൻ | റിമാർക്സ് |
|---|---|---|---|---|---|
| 1 | മഞ്ഞക്കുന്ന് RC ചർച്ച് റോഡ് ടാറിംഗ്. 92/15 | 5/14-15 dt.7-8-14 5,91,059/- | 6,50,000 | എ.എൻ.രാമകൃഷ്ണൻ | കരാർ വെച്ചതിൽ കാലതാമസം. 30-8-2013 ന് വർക്ക് ഓർഡർ നൽകിയിട്ടും 13-11-2013നാണ് കരാർ വെച്ചിട്ടുള്ളത്. എസ്റ്റിമേറ്റ് റിപ്പോർട്ട് ഇല്ല. |
| 2 | കുരങ്ങൻപാറ കനാൽപുരം എസ്.സി കോളനി റോഡ് ടാറിംഗ്. 37/15. | 50/14-15 dt.27-3-15 7,99,804/- | 10,00,000 | ജോർജ്ജ്.എം.വൈ. | വർക്ക് ഓർഡർ നൽകിയതിന്റെ രേഖകൾ ഇല്ല. |
| 3 | മരോട്ടിച്ചാൽ അംഗൻവാടി കെട്ടിട നിർമ്മാണം. 61/15 | 33/14-15 dt.23-3-15 4,92,655/- | 5,00,000 | ജോൺ.എ.എൽ. | കരാർ വെച്ചതിൽ കാലതാമസം. 4-10-2014 ന് വർക്ക് ഓർഡർ നൽകിയിട്ടും 11-12-2014നാണ് കരാർ വെച്ചിട്ടുള്ളത്. |
| 4 | വിലങ്ങന്നൂർ അംഗൻവാടി കെട്ടിട നിർമ്മാണം. 59/15 | 23/14-15 dt.25-2-15 4,98,793/- | 5,00,000 | ടോജോ.കെ.എം | കരാർ വെച്ചതിൽ കാലതാമസം. 4-10-2014 ന് വർക്ക് ഓർഡർ നൽകിയിട്ടും 24-10-2014നാണ് |

| | | | | | |
|---|---|---|---|---|---|
| | | | | | കരാർ വെച്ചിട്ടുള്ളത്. |
| 5 | ബ്ലോക്കോഫീസ് കോമ്പൗണ്ടിലെ സ്വാഭാവിക വനത്തിന്റെ സൗന്ദര്യവൽക്കരണം | 20/14-15 dt.20-2-15 4,56,630/- | 3,00,000 | ടോജോ.കെ.എം | കരാർ വെച്ചതിൽ കാലതാമസം. 4-10-2014 ന് വർക്ക് ഓർഡർ നൽകിയിട്ടും 27-10-2014നാണ് കരാർ വെച്ചിട്ടുള്ളത്. എസ്റ്റിമേറ്റ് റിപ്പോർട്ട് ഇല്ല. |
| 6 | വല്ലൂർകുത്ത് കള്ളായി റോഡ് കോൺക്രീറ്റിംഗ് 16/15 | 18/14-15 dt.30-1-15 5,64,000/- | 6,00,000 | ഷാജി.കെ.കെ | വർക്ക് ഓർഡർ നൽകിയതിന്റെ രേഖകൾ ഇല്ല. സൈറ്റ് ഹാന്റ് ഓവർ ചെയ്തതിന്റെ രേഖകൾ ഇല്ല. |
| 7 | പാണഞ്ചേരി ഗ്രാമ പഞ്ചായത്തിൽ മേലേച്ചിറ SC കോളനി റോഡിൽ കാന നിർമ്മാണം 43/15 | 17/14-15 dt.30-1-15 4,44,340/- | 4,98,461 | അനീഷ് ചെറിയാൻ | കരാർ വെച്ചതിൽ കാലതാമസം. 1-10-2014 ന് വർക്ക് ഓർഡർ നൽകിയിട്ടും 11-12-2014 നാണ് കരാർ വെച്ചിട്ടുള്ളത്. |
| 8 | വാണിയമ്പാറ പ്ളാക്കോട് കുടിവെള്ള പദ്ധതി. 100/15 | 3/14-15 dt.7-8-14 5,00,000/- | 5,00,000 | സജിമോൻ.ഐ.പി | വർക്ക് ഓർഡർ നൽകിയതിന്റെ രേഖകൾ ഇല്ല. എസ്റ്റിമേറ്റ് റിപ്പോർട്ട് ഇല്ല. |
| 9 | ചിറകുന്ന്കുടിവെള്ള പദ്ധതി. 97/15 | 9/14-15 dt.29-10-14 4,19,493/- | 7,00,000 | കെ.വി.സുനിൽകുമാർ. | വർക്ക് ഓർഡർ നൽകിയതിന്റെ രേഖകൾ ഇല്ല. എസ്റ്റിമേറ്റ് റിപ്പോർട്ട് ഇല്ല. മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല. |
| 10 | ചെറുകുന്ന് 106-ാം | 22/14-15 | 5,00,000 | പി.വി. ചന്ദ്രൻ. | കരാർ വെച്ചതിൽ |

| | | | | | |
|---|---|---|---|---|---|
| | നമ്പർ അംഗൻവാടി കെട്ടിട നിർമ്മാണം | dt.20-2-15 3,33,837/- | | | കാലതാമസം. 4-10-2014 ന് വർക്ക് ഓർഡർ നൽകിയിട്ടും 7-11-2014 നാണ് കരാർ വെച്ചിട്ടുള്ളത്. |
| 11 | നടത്തറ രണ്ടാം വാർഡ് ഫാം റോഡ് ഹാപ്പി നഗർ റോഡ് | 46/14-15 dt.27-3-15 7,99,804/- | 9,00,000 | ഇ.ജി. സുരേഷ് | വർക്ക് ഓർഡർ നൽകിയതിന്റെ രേഖകൾ ഇല്ല. എസ്റ്റിമേറ്റ് റിപ്പോർട്ട് ഇല്ല. |
| 12 | താമരവെള്ളച്ചാൽ & കോളനി റോഡ് 39/15 | 13/14-15 dt.17-1-15 12,67,276/- | 13,44,467 | എം.ഗോഗിൻ | വർക്ക് ഓർഡർ നൽകിയതിന്റെ രേഖകൾ ഇല്ല. |
| 13 | പൊന്നൂക്കര SC കോളനി റോഡ് റീ ടാറിംഗ് 42/15 | 14/14-15 dt.30-1-15 4,59,429/- | 4,99,434 | ജയൻ. വി.ടി | കരാർ വെച്ചതിൽ കാലതാമസം. 4-10-2014 ന് വർക്ക് ഓർഡർ നൽകിയിട്ടും 10-11-2014 നാണ് കരാർ വെച്ചിട്ടുള്ളത് |
| 14 | കുന്നത്തേരി ചിറ സംരക്ഷണം. 72/15 | 30/14-15 dt.17-3-15 8,39,718/- | 15,00,000 | ടോജോ.കെ.എം. | വർക്ക് ഓർഡർ നൽകിയതിന്റെ രേഖകൾ ഇല്ല. എസ്റ്റിമേറ്റ് റിപ്പോർട്ട് ഇല്ല. |
| 15 | പുലികണ്ണിച്ചിറ നിർമ്മാണം | 6/14-15 dt.11-10-14 2,40,000/- | 2,64,000 | കെ.ഇ.പൗലോസ്. | വർക്ക് ഓർഡർ നൽകിയതിന്റെ രേഖകൾ ഇല്ല. |
| 16 | ഏശൻ ചിറ നിർമ്മാണം, മാടക്കത്തറ ഗ്രാമ പഞ്ചായത്ത്. 63/12-13 | 2/14-15 dt.7-8-14 2,23,467/- | 2,63,310 | ഗുണഭോക്തൃസമിതി കൺവീനർ സണ്ണി. | ഗുണഭോക്തൃ സമിതിയുടെ വരവ് ചെലവ് കണക്ക് സൂക്ഷ്മപരിശോധന നടത്തിയിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ട് |

| | | | | | |
|---|---|---|---|---|---|
| | | | | | ഹാജരാക്കിയിട്ടില്ല |

എഗ്രിമെന്റ് രജിസ്റ്ററിലും, കരാർ ഉടമ്പടിയിലും പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി രേഖപ്പെടുത്തിയിട്ടില്ല. ഫയലുകളിൽ ഒന്നും തന്നെ ടെണ്ടർ നോട്ടീസിന്റെ പകർപ്പ് വെച്ചിട്ടില്ല, പല ഫയലുകളിലും ടെണ്ടർ ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചതിന്റെ രേഖകൾ ഇല്ല.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും, ടെണ്ടർ നടപടിക്രമങ്ങളിൽ നിയമ വ്യവസ്ഥകൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും, ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 08/2017 തീയതി: 21-4-2017)

## 3-12 അംഗൻവാടി കെട്ടിടങ്ങളിൽ വൈദ്യുതി, ജല വിതരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.

2014-15 സാമ്പത്തിക വർഷം പണി പൂർത്തിയാക്കി പ്രവർത്തിച്ചു വരുന്ന അംഗൻവാടി കെട്ടിടങ്ങളിൽ വൈദ്യുതി, ജല വിതരണ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ലാത്തതായി ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥല പരിശോധനയിൽ (24-4-2017 ന് എൽ.എസ്.ജി.ഡി. ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ) ബോധ്യപ്പെട്ടു. വൈദ്യുതി കണക്ഷൻ, ജല വിതരണം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതെ പ്രവർത്തിച്ചുവരുന്ന പ്രസ്തുത അംഗൻവാടി കെട്ടിടങ്ങളുടെ പ്രവൃത്തി ബിൽ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | അടങ്കൽ | ബിൽ നമ്പർ,തുക | നിർവഹണ ഉദ്യോഗസ്ഥൻ | കരാറുകാരൻ | പ്രവൃത്തി പൂർത്തീകരിച്ച തീയതി |
|---|---|---|---|---|---|
| മരോട്ടിച്ചാൽ അംഗൻവാടി കെട്ടിട നിർമ്മാണം. 61/15. | 5,00,000 | 33/14-15 dt.23-3-15 4,92,655/- | അസി. എക്സി. എഞ്ചിനീയർ | ജോൺ. എ. എൽ | 16-03-2015 |
| ചെറുകുന്ന് 106-ാം നമ്പർ അംഗൻവാടി കെട്ടിട നിർമ്മാണം | 5,00,000 | 22/14-15 dt.20-2-15 3,33,837/- | അസി. എക്സി. എഞ്ചിനീയർ | പി.വി. ചന്ദ്രൻ | 18-03-2015 |

2015 മാർച്ച് മാസം പണി പൂർത്തിയായി പ്രവർത്തിച്ചുവരുന്ന അംഗൻവാടി കെട്ടിടങ്ങളിൽ നാളിതുവരെ വൈദ്യുതി, ജല വിതരണ സംവിധാനങ്ങൾ ഏർപ്പെടുത്താത്തത് അംഗീകരിക്കാവുന്നതല്ല. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 11.13(XIV)(സി) അനുസരിച്ച് ഒരു കെട്ടിട നിർമ്മാണ പ്രോജക്ട് തയ്യാറാക്കുമ്പോൾ, ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ, അതെല്ലാം പ്രോജക്ടിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണം. അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതെ അംഗൻവാടികൾ പ്രവർത്തിക്കുന്നത് മേൽ നിർദ്ദേശത്തിന്റെ ലംഘനമാണ്. മേൽ പറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള അടിയന്തിര നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 3-13 ചിറക്കുന്ന് കുടിവെള്ള പദ്ധതി -ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാൽ ഉണഭോക്താക്കൾക്ക്

<u>പ്രയോജനപ്പെടാതെ നിഷ്ക്രിയാസ്തിയായി തുടരുന്നു.</u>

പ്രോജക്റ്റ് - എസ് 0097/15, മാടക്കത്തറ നാല് സെന്റ് കോളനി കുടിവെള്ള പദ്ധതി &ചിറക്കുന്ന് കുടിവെള്ള പദ്ധതി

നിർവ്വഹണം - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

ചെലവ് തുക - 5,36,665

പാണഞ്ചേരി ഗ്രാമപഞ്ചായത്തിൽ ചിറക്കുന്ന് കുടിവെള്ള പദ്ധതി സ്കീം നടപ്പാക്കുന്നതിന് 6,85,420 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും 5,36,665/- രൂപ ചെലവിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള പണി പൂർത്തീകരിക്കുകയും ചെയ്തു. കിണർ കുഴിക്കുകയും, വാട്ടർ ടാങ്ക് സ്ഥാപിക്കുകയും, പൈപ്പ് ലൈൻ പണി പൂർത്തീകരിക്കലുമാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 21/10/2014ൽ മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചെങ്കിലും നാളിതു വരെ ഇലക്ട്രിക്കൽ പ്രവൃത്തികൾ പൂർത്തീകരിക്കുകയോ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ഗുണഫലം ലഭിച്ചിട്ടില്ല.

പദ്ധതി നടപ്പാക്കിയ സ്ഥലം ഓഡിറ്റ് ടീം എഞ്ചിനീയറിങ്ങ് വിഭാഗം ജീവനക്കാരുടെ സാന്നിധ്യത്തിൽ പ്രാദേശിക പരിശോധന നടത്തിയതിൽ പദ്ധതിക്കുവേണ്ടി നിർമ്മിച്ച കിണർ നാളിതുവരെ ഉപയോഗിക്കാത്തതിനാലും മാലിന്യം കലർന്നതിനാലും വൃത്തിഹീനമായി കാണുകയുണ്ടായി. കിണർ സംരക്ഷിക്കുന്നതിന് സ്ഥാപിച്ച ഇരുമ്പ് ഗ്രിൽ ഉപയോഗിച്ചുള്ള മൂടി തകർന്നിരിക്കുന്നതായും കണ്ടു.

ഇലക്ട്രിക്കൽ പ്രവൃത്തികൾ നടപ്പാക്കുന്നതിന് പ്രോജക്റ്റ് നടപ്പാക്കി പദ്ധതി ഗുണഭോക്താക്കൾക്ക് ഉപയോഗപ്പെടുത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

## 4-1 <u>സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം</u>

ഇല്ല

## 4-2 <u>ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ</u>

ഇല്ല

## 4-3 <u>മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്</u>

ഇല്ല

## 4-4 <u>വായ്പതിരിച്ചടവ്</u>

2014-15വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ ഭവന നിർമ്മാണം സംസ്ഥാന അധിക വിഹിതം നല്കുന്നതിന് എടുത്തവായ്പ | പാണഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക് | 463360 | 451575 | - | 3475 | 451575 |
| | നടത്തറ സർവ്വീസ് സഹകരണ ബാങ്ക് | 305390 | 291314 | - | 2291 | 291314 |
| | മൂർക്കനിക്കര സർവ്വീസ് സഹകരണ ബാങ്ക് | 92672 | 89620 | - | 695 | 89620 |
| | പീച്ചി സർവ്വീസ് സഹകരണ ബാങ്ക് | 526548 | 514763 | - | 3949 | 514763 |
| | പുത്തൂർ സർവ്വീസ് സഹകരണ ബാങ്ക് | 619220 | 619220 | - | 4644 | 619220 |
| | വിൽവട്ടം സർവ്വീസ് സഹകരണ ബാങ്ക് | 246422 | 239351 | - | 1848 | 239351 |

2015-16 വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ | പാണഞ്ചേരി | 463360 | 451575 | 293605 | 3475 | 157970 |

| | | | | | | |
|---|---|---|---|---|---|---|
| ഭവന നിർമ്മാണം സംസ്ഥാന അധിക വിഹിതം നല്കുന്നതിന് എടുത്തവായ്പ | സർവ്വീസ് സഹകരണ ബാങ്ക് | | | | | |
| | നടത്തറ സർവ്വീസ് സഹകരണ ബാങ്ക് | 305390 | 291314 | 291314 | 78232 | 0 |
| | മൂർക്കനിക്കര സർവ്വീസ് സഹകരണ ബാങ്ക് | 92672 | 89620 | 58721 | 695 | 30899 |
| | പീച്ചി സർവ്വീസ് സഹകരണ ബാങ്ക് | 526548 | 514763 | 137850 | 159704 | 376913 |
| | പുത്തൂർ സർവ്വീസ് സഹകരണ ബാങ്ക് | 619220 | 619220 | 352326 | 4644 | 266894 |
| | വിൽവട്ടം സർവ്വീസ് സഹകരണ ബാങ്ക് | 246422 | 239351 | 176163 (ടി തുക ബാങ്ക് പാസ്സ് ബുക്കിൽ വരവ് വന്നിട്ടില്ല) | 1848 | 63188 (ബാങ്ക് പാസ്സ് ബുക്ക് പ്രകാരം നീക്കിയിരിപ്പ്239351) |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (2014-15) | : | 71085985 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (2014-15) | : | 73334316 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (2015-16) | : | 68107124 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (2015-16) | : | 66416321 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 176163 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 173265 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | - | 176163 | വി.ജി. പുഷ്കരൻ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| ആകെ | | 176163 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 173265 | ഡോ.മായാദേവി, സൂപ്രണ്ട്, സി.എച്ച്.സി വെള്ളാനിക്കര |
| ആകെ | 173265 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക | സ്ഥിരം മേൽവിലാസം |
|---|---|---|

| | മേൽവിലാസം | |
|---|---|---|
| വി.ജി. പുഷ്കരൻ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | വിരമിച്ച | വെളുത്താത്ത് വീട്, മാടക്കത്തറ പി.ഒ,തൃശ്ശൂർ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96,96-97, 97-98 | എൽ.എഫ്.ടി11/535/99/തീ.4.9.99/6.10.99 |
| 1998-99 | എൽ.എഫ്.ടി11/29/2000/തീ.14.6.2000/4.9.2000 |
| 1999-2000 | എൽ.എഫ്.ടി11/1715/18.5.11 |
| 2000-01 | എൽ.എഫ്.ടി11/1606/തീ.13.5.02/3.9.02 |
| 2001-02 | എൽ.എഫ്.ടി11/114/06/തീ.8.6.06/14.11.06 |
| 2002-03 | എൽ.എഫ്.ടി11/115/06/തീ.20.06.06/14.11.06 |
| 2003-04 | എൽ.എഫ്.ടി11/2572/07തീ.31.3.09 |
| 2004-05 | എൽ.എഫ്.ടി11/2573/07/തീ.31.1.09 |
| 2005-06 | എൽ.എഫ്.ടി11/2574/07/തീ31.1.09/4.7.09 |
| 2006-07, 07-08, 08-09, 09-10, 10-11 | എൽ.എഫ്.ടി (ബി.പി.1367/12/5.2.13/13.6.13 |
| 2011-12 | എൽ.എഫ്.ടി (ബി.പി.)1367/6.6.14/16.7.14 |
| 2012-13 | എൽ.എഫ്.ടി (ബി.പി)1559/14 തീ.5.1.15/12.2.15 |
| 2013-14 | എൽ.എഫ്.ടി.എസ്.ആർ. (ബിപി)328/15/7.7.15/ 13.8.15 |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്